പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 292 — 26.02.2018 -ൽ മറുപടിക്ക്

## പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം<br>**ശ്രീ.വി. അബ്ദുറഹിമാൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) പൊതു വിതരണ ശൃംഖല വഴി മുൻഗണനാ വിഭാഗത്തിൽപ്പെട്ട ഓരോ ഗുണഭോക്താവിനും പ്രതിമാസം 5 കിലോ ഭക്ഷ്യധാന്യങ്ങൾ, എ.എ.വൈ വിഭാഗത്തിൽപ്പെട്ട കാർഡൊന്നിന് 35 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ എന്നിവ സൗജന്യമായി നല്കി വരുന്നു. കൂടാതെ ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യം മുൻഗണനേതര വിഭാഗത്തിന് വിതരണം നടത്തി വരുന്നു. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി മുഖാന്തിരം തയ്യാറാക്കി വരുന്നു. |
| (ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (ബി) വില വർദ്ധനവ് ഉണ്ടാകുന്നത് എങ്ങനെയെന്ന് പരിശോധിക്കുന്നതിന് മറ്റ് വകുപ്പുകളെ കൂടി ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിരുന്നു. 22 അവശ്യ സാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതു വിപണിയിൽ നിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന് നല്കുകയും വില ശരാശരിയിൽ കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്താറുമുണ്ട്. 2017-18 സാമ്പത്തിക വർഷം വിപണി ഇടപെടൽ നടത്തുന്നതിനായി 200 കോടി രൂപ സപ്ലൈകോയ്ക്ക് നല്കിയിട്ടുണ്ട്. ആയത് ഉപയോഗിച്ച് സപ്ലൈകോ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന 13 ഇനങ്ങൾ ഉൾപ്പെടെ ആകെ 28 ഓളം അവശ്യ ഭക്ഷ്യധാന്യങ്ങൾ വിലക്കുറവിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. പൊതു വിതരണശൃംഖലയിലെ മറിച്ചു വില്പന, തിരിമറി, പൊതു വിപണിയിലെ കരിഞ്ചന്ത, പൂഴിത്തിവയ്പ്പ് എന്നിവ |

| | |
|---|---|
| | ഫലപ്രദമായി തടയുന്നതിന് വകുപ്പിലെ പരിശോധന സംവിധാനം ക്രിയാത്മകമായി പ്രവർത്തിച്ച് ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; | (സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 01.11.2016 മുതൽ ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് റേഷൻ വിതരണം നടത്തി വരുന്നു. 06/2017 ഓടു കൂടി സംസ്ഥാനത്ത് പൂർണ്ണമായും വാതിൽപ്പടി വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ബയോമെട്രിക് സൗകര്യമുള്ള ഇ-പോസ് മെഷീൻ ഘടിപ്പിക്കുന്ന പ്രക്രിയ അന്തിമ ഘട്ടത്തിലാണ്. ഗ്രിവൻസ് റിഡ്രസൽ പോർട്ടലിന്റെ മോഡ്യൂൾ എൻ.ഐ.സി തയ്യാറാക്കിയത് ആഡിറ്റിംഗിനായി നല്കിയിട്ടുണ്ട്. വകുപ്പിന് പ്രത്യേകമായി കാൾ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കി കേന്ദ്രവിഹിതം പൂർണ്ണമായി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ; | (ഡി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുന്നതിനു മുമ്പുള്ള സാമ്പത്തിക വർഷങ്ങളിൽ അഡ്ഹോക് വിഹിതം ഉൾപ്പെടെ സംസ്ഥാനത്തിന് ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളെക്കാൾ കുറവാണ് ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ പ്രതിവർഷം സംസ്ഥാനത്ത് ലഭിച്ചു കൊണ്ടിരിക്കുന്നുണ്ട്. |
| (ഇ) പൊതുവിതരണം ശക്തിപ്പെടുത്തി വിലക്കയറ്റം നിയന്ത്രിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഇ) ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് 2016 നവംബർ 1 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവ മുഖമുദ്രയായുള്ള ഭക്ഷ്യ ഭദ്രതാ നിയമം സമ്പൂർണ്ണമായും നടപ്പിൽ വരുന്നതോടു കൂടി പൊതു വിതരണ ശൃംഖല കൂടുതൽ സുതാര്യവും കാര്യക്ഷമവും ഫലപ്രദവും ആകുന്നതാണ്. ശക്തമായ വിപണി ഇടപെടലിലൂടെയും സപ്ലൈകോ പോലുള്ള സ്ഥാപനങ്ങൾ വഴിയും വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**